പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5367 01.07.2019 ലെ മറുപടിക്ക്

**കയർ മേഖലയിലെ ആധുനികവത്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ മേഖലയിൽ കാലാനുസൃതമായ ആധുനികവത്ക്കരണം നടപ്പിലാക്കിയിട്ടുണ്ടോ ; | എ) & ബി)<br>കയർ മേഖലയിൽ കാലാനുസൃതമായ ആധുനികവത്ക്കരണം നടപ്പിലാക്കി വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും ലക്ഷ്യമിടുന്നു.<br><br>കയർ വ്യവസായ മേഖലയെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 75 ഡി.എഫ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br><br>കയർപിരി മേഖലയിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാനായി 8000 ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസലിന് ഭരണാനുമതി നൽകിയതിനെത്തുടർന്ന് രണ്ടായിരത്തിയഞ്ഞൂറോളം റാട്ടുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഉത്പ്പന്ന |
| ബി) ആയതിലേക്ക് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | |

| | |
|---|---|
| | വൈവിദ്ധ്യവത്ക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ